I/69633/2022

"ഭരണ ഭാഷ മാതൃ ഭാഷ"

DWCD/5260/2022-ICDSB4

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :01-12-2022
Email -directorate.wcd@kerala.gov.in
Phone : 0471 – 2346508

## പരിപത്രം

വിഷയം: വനിത ശിശുവികസന വകുപ്പ്-ഐസിഡിഎസ്- W.P(C) No.6278/2020, W.P(C) No.9608/2020, W.P(C) No.11305/2020, W.P(C) No.12212/2020 - എന്നീ ഹരജികളിൽ ബഹു: കേരള ഹൈക്കോടതിയുടെ 22.07.2021 ലെ വിധിന്യായം നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്മേൽ-അങ്കണവാടി ഹെൽപ്പർ പ്രൊമോഷൻ, മുൻഗണന റൊട്ടേഷൻ - നടപ്പിലാക്കുന്നത്-സ്പഷ്ടീകരണം- സംബന്ധിച്ച്:-

സൂചന:
1. സ.ഉ(സാധാ) നം. 254/2018/സാനീ.വ തീയതി 30.04.2018
2. സ.ഉ(സാധാ) നം. 453/2018/സാനീ.വ തീയതി 26.07.2018
3. സർക്കാർ സർക്കുലർ നമ്പർ സാനീവ/ബി2/406/2019/സാനീവ തീയതി 22.02.2020
4. സ.ഉ(സാധാ) നം. 308/2022/വ.ശി.വി.വ തീയതി 27.06.2022

പഞ്ചായത്ത് / മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയായിൽ പ്രോജക്ട് തലം) തലത്തിൽ അങ്കണവാടി വർക്കർ തസ്തികയിലുണ്ടാകുന്ന ഓരോ നാലാമത്തെ ഒഴിവിലും 25% പൂർത്തിയാകുന്നതുവരെ ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായും, വർക്കർ സ്ഥിരനിയമനത്തിനായും സർക്കാർ സൂചന (1),(2),(3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ശിശുവികസന പദ്ധതി ഓഫീസർമാർ തെറ്റായി വ്യാഖ്യനിച്ചതുമൂലം, അങ്കണവാടി പ്രവർത്തകർ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P(C) No.6278/2020, W.P(C) No.9608/2020, W.P(C) No.11305/2020, W.P(C) No.12212/2020 എന്നീ ഹരജികളിൽ ബഹു: ഹൈക്കോടതിയുടെ 22.07.2021 ലെ വിധിന്യായം നടപ്പാക്കുന്നതിനായി ഹെൽപ്പർ സ്ഥാനക്കയറ്റ ഉത്തരവിൽ വ്യക്തത വരുത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ ഇപ്രകാരമാണ്;

1. ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി മുൻഗണന ലിസ്റ്റ് എല്ലാ പ്രോജക്ടുകളിലേയും ശിശു വികസന പദ്ധതി ഓഫീസർമാർ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
2. അങ്കണവാടി വർക്കർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യത നേടുന്ന ഹെൽപ്പർമാരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന വേളയിൽ സീനിയോറിറ്റി നിശ്ചയിക്കുമ്പോൾ ഹെൽപ്പർ തസ്തികയിലുള്ള സേവനകാലയളവ് കൂടുതലുള്ള വ്യക്തിയെ ആദ്യം പരിഗണിക്കേണ്ടതും ഒരേ സേവന കാലയളവ് ഉള്ള പക്ഷം പ്രായക്കൂടുതലുള്ള വ്യക്തിയെ പരിഗണിക്കേണ്ടതും സേവനദൈർഘ്യവും പ്രായവും തുല്യമാകുന്ന പക്ഷം ആദ്യം പത്താംതരം തുല്യത പാസ്സായ വ്യക്തിയെയും പരിഗണിക്കേണ്ടതാണ്.
3. സ.ഉ(സാധാ)നം 254/2018/സാനീവ തീയതി 30.04.2018 ലെ മുൻഗണന റൊട്ടേഷൻ നിലനിർത്തിക്കൊണ്ടും പ്രസ്തുത ഉത്തരവ് അനുസരിച്ച് നിലവിലെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയായിൽ പ്രോജക്ടുതലം) ഓരോ നാലാമത്തെ ഒഴിവിൽ

റൊട്ടേഷൻ ക്രമം പാലിച്ച് ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കേണ്ടതും, 1 മുതൽ 8 വരെയുള്ള മുൻഗണന റൊട്ടഷൻ വിഭാഗങ്ങളിൽ ഒന്നിൽ കൂടുതൽ ലിസ്റ്റോ/ സെലക്ഷൻ ലിസ്റ്റോ നിലവിൽ വരുന്നതുവരെ മാത്രമേ ചുവടെച്ചേർത്തിരിക്കും പ്രകാരം ഉള്ള നിയമനം പാടുള്ളൂ എന്ന വ്യവസ്ഥയിൽ ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ മറ്റ് വിഭാഗം ലിസ്റ്റ് വരുന്ന മുറയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവി ലെ മുൻഗണന റൊട്ടേഷൻ പൂർണമായും പാലിച്ച് നിയമനം നടത്തേണ്ടതാണ്.

i. സ.ഉ(സാധാ)നം.254/2018/സാനീവാ, തീയതി: 30.04.2018 ലെ പത്ത് വിഭാഗങ്ങളിൽ, മുൻഗണനാ റൊട്ടേഷൻ വിഭാഗത്തിലെ 8 വിഭാഗങ്ങളിൽ ഒരു വിഭാഗത്തിലും ലിസ്റ്റില്ലാതെയും, മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കി പരിഗണിക്കുന്ന ഹെൽപ്പർ പ്രൊമോഷൻ, ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനം എന്നീ വിഭാഗങ്ങളിൽ മുൻഗണനാ ലിസ്റ്റുണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം പഞ്ചായത്ത് /മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം) തലത്തിലെ അങ്കണവാടി വർക്കർമാരുടെ ഒഴിവുകളിൽ 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രൊമോഷനും 10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനവും അനുവദിക്കാവുന്നതാണ്.

ii. മുൻഗണന റൊട്ടേഷനിലെ 8 വിഭാഗങ്ങളിൽ മാത്രമായി ഏതെങ്കിലും ഒരു ലിസ്റ്റുണ്ടായിരിക്കുന്ന പക്ഷം പ്രസ്തുത ലിസ്റ്റിൽ നിന്നും തുടർച്ചയായി നിയമനം നൽകാവുന്നതാണ്.

iii. മുൻഗണന റൊട്ടേഷൻ വിഭാഗത്തിലെയും (1-8) , പ്രത്യേകമായി പരിഗണിക്കുന്ന രണ്ട് (9, 10) വിഭാഗങ്ങളിലേയും , ഏതെങ്കിലും ഓരോ ലിസ്റ്റ് മാത്രമായി വരുന്ന അവസരത്തിൽ പ്രസ്തുത രണ്ടു വിഭാഗങ്ങളിൽ നിന്നുമായി 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രൊമോഷനും (9),10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനവും(10) തുടർച്ചയായി നൽകാവുന്നതാണ്.

ഇത്തരത്തിലല്ലാത്ത ഹെൽപ്പർസ്ഥാനക്കയറ്റ ലിസ്റ്റ് പുന:ക്രമീകരിക്കേണ്ടതും ഹെൽപ്പർസ്ഥാനക്കയറ്റ ലിസ്റ്റ് ഉൾപ്പെടെ എല്ലാ വിധ ലിസ്റ്റുകളും, എല്ലാ വിധ ഒഴിവുകളും നിയമനങ്ങളും മേൽ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്ന് കർശന നിർദ്ദേശം നൽകുന്നു. ടി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**വനിത ശിശുവികസന ഡയറക്ടർ**

1. എല്ലാ ജില്ലാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. കരുതൽ ശേഖരം/സ്പെയർ

Signed by Priyanka G
Date: 01-12-2022 19:58:39

ICDS B4

1

കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - WP(C) No. 6278/2020, WP(C) No. 9608/2020, WP(C) No. 11305/2020, WP(C) No. 12212/2020 എന്നിവയിന്മേൽ ബഹു. കേരള ഹൈക്കോടതി 22/07/2021-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായം നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 308/2022/വശിവി തീയതി, തിരുവനന്തപുരം, 27/06/2022

---

പരാമർശം: 1. സ.ഉ(എം.എസ്) നം. 74/2012/സാക്ഷേവ, തീയതി 22/12/2012.

2. സ.ഉ(സാധാ)നം. 254/2018/സാനീവ, തീയതി. 30/04/2018.

3. സർക്കാർ കത്ത് നം. സാനീവ-ബി2/290/2018-സാനീവ, തീയതി 30/04/2019.

4. WP(C) No. 6278/2020, WP(C)No. 9608/2020, WP(C) No. 11305/2020, WP(C) No. 12212/2020 എന്നിവയിന്മേൽ ബഹു. കേരള ഹൈക്കോടതി 22/07/2021-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായം.

5. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 24/03/2022-ലെ ഐസിഡിഎസ് ബി4/6332/20 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയായിൽ പ്രോജക്റ്റ്തലത്തിൽ) തലത്തിൽ അങ്കണവാടി വർക്കർ തസ്തികയിലുണ്ടാകുന്ന ഓരോ നാലാമത്തെ ഒഴിവും 25% പൂർത്തിയാകുന്നതുവരെ ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം നൽകി നികത്തണമെന്നുള്ള പരാമർശം (2) ഉത്തരവിലെ ഓരോ നാലാമത്തെ ഒഴിവ് എന്നത് ഒഴിവാക്കി ഓരോ ഒന്നാമത്തെയും അഞ്ചാമത്തെയും ഒഴിവുകളിലേക്ക് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് പത്തനംതിട്ട ജില്ലയിലെ വിവിധ അങ്കണവാടികളിൽ ഹെൽപ്പർമാരായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി ശാന്തമ്മ കെ. സി മുതൽ പേരും ഇടുക്കി ജില്ലയിലെ വിവിധ അങ്കണവാടികളിൽ ഹെൽപ്പർമാരായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. ലിസ്സി എൻ. എം മുതൽ പേരും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, കാഞ്ഞിരപ്പള്ളി അഡീഷണൽ ഐ സി ഡി എസ് പ്രോജക്റ്റുകളിലെ ഹെൽപ്പർമാരായ ശ്രീമതി സതി. വി. ഡിയും കൂട്ടരും,

കാഞ്ഞിരപ്പള്ളി അഡീഷണൽ ഐ സി ഡി എസ് പ്രോജക്ടിലെ ഹെൽപ്പർമാരായ ശ്രീമതി. മിനിമോൾ പി. ആർ–ഉം കൂട്ടരും ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) No. 6728/2020, WP(C) No. 9608/2020, WP(C) No. 11305/2020, WP(C) No. 12212/2020 നമ്പറുകളിൽ വിവിധ ഹർജികൾ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജികളിന്മേൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച പൊതുവിധിന്യായം അനുസരിച്ച് ശ്രീമതി. സതി. വി. ഡി ആന്റ് അദേഴ്സ് ഫയൽ ചെയ്ത WP(C) No. 6728/2020, ശ്രീമതി. മിനിമോൾ പി. ആർ ആന്റ് അദേഴ്സ് ഫയൽ ചെയ്ത W.P(C) No. 12212/2020 എന്നീ ഹർജികൾ തീർപ്പാക്കിയും ശ്രീമതി. ശാന്തമ്മ കെ. സി ആന്റ് അദേഴ്സ് ഫയൽ ചെയ്ത W.P(C) No. 9608/2020, ശ്രീമതി ലിസ്സി എൻ. എം ആന്റ് അദേഴ്സ് ഫയൽ ചെയ്ത WP(C) No. 11305/2020 എന്നീ ഹർജികളിലെ ഹർജിക്കാരുടെ ആവശ്യം ഭാഗികമായി അനുവദിച്ചും ഉത്തരവായിരിക്കുന്നു. പ്രസ്തുത ഉത്തരവിൽ ഭാഗികമായി അനുവദിച്ച രണ്ട് കേസിലേയും ഹർജിക്കാരെ നേരിൽ കേട്ട് ഹെൽപ്പർ പ്രൊമോഷന് എത്രാമത്തെ ഒഴിവിലാണ് പരിഗണിക്കേണ്ടത് എന്നും ആയതിന്റെ കാരണം സഹിതമുള്ള സ്പീക്കിംഗ് ഓർഡർ ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് നാലു മാസത്തിനുള്ളിൽ പുറപ്പെടുവിച്ച് നടപടികൾ പൂർത്തിയാക്കണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(2) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, ഹർജിക്കാരുടെ പ്രതിനിധിയെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ, അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി വർക്കറുടെ ഓരോ ഒന്നാമത്തെ ഒഴിവിലും സ്ഥാനക്കയറ്റം അനുവദിക്കണമെന്നും, ഐസിഡിഎസ് പദ്ധതി കേന്ദ്ര സർക്കാർ വിഹിതത്തിൽ നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ അങ്കണവാടി ഹെൽപ്പർമാർക്ക് വർക്കർ തസ്തികയുടെ 25% ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടെന്നും, നിലവിൽ ടി 25% സ്ഥാനക്കയറ്റം എന്നത് സേവനദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലല്ല സിഡിപിഒമാർ നൽകുന്നതെന്നും പത്താം തരം പാസ്സായ തീയതി അടിസ്ഥാനപ്പെടുത്തി നൽകുന്നതിനാൽ 20, 30 വർഷം സ്ഥിരം ഹെൽപ്പറായി സേവനമനുഷ്ഠിക്കുന്ന വിരമിക്കലിനോടടുത്തുള്ള പല ഹെൽപ്പർമാർക്കും പത്താം തരം തുല്യത പാസ്സായ തീയതി പരിഗണിക്കുമ്പോൾ സ്ഥാനക്കയറ്റം ലഭിക്കുന്നില്ലെന്നും ആയതിനാൽ വർക്കർ യോഗ്യത

നേടുന്ന ഹെൽപ്പർമാർക്ക് അവരുടെ സേവനകാലയളവ് പരിഗണിച്ച് സ്ഥാനക്കയറ്റം അനുവദിക്കണമെന്നും ആയത് ഒന്നാമത്തെ ഒഴിവിൽ വേണമെന്നും, 6 മാസം താൽക്കാലിക സേവനമനുഷ്ഠിച്ചവരെ സ്ഥിരപ്പെടുത്താനായി വർക്കർ ഒഴിവുകൾ കൂടുതലായി ഉപയോഗിക്കുമ്പോൾ വർഷങ്ങളായി അങ്കണവാടി ഹെൽപ്പറായി സ്ഥിര സേവനമനുഷ്ഠിക്കുന്നവർക്ക് സ്ഥാനക്കയറ്റ സാധ്യത കുറയുന്നു എന്നും ഹർജിക്കാരുടെ പ്രതിനിധി അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്ത വിവിധ ജില്ലകളിലെ ഐ.സി.ഡി.എസുകളിൽ ഉൾപ്പെട്ട ഹർജിക്കാർ സ്ഥാനക്കയറ്റം സംബന്ധിച്ച് അവരുടെ പരാതികൾ സ്റ്റേറ്റ്മെന്റായി സമർപ്പിച്ചിരുന്നു.

(3) പ്രസ്തുത വിഷയത്തിന്മേൽ വനിതാ ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർ തസ്തികയുടെ 25%, 10 വർഷം സേവനം പൂർത്തിയാക്കിയ 10-ാം ക്ലാസ്സ് യോഗ്യതയുള്ള ഹെൽപ്പർമാർക്ക് നീക്കി വച്ചതിനുശേഷമുള്ള ഒഴിവുകളിൽ മാത്രമേ മറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടി വർക്കർമാരെ സ്ഥിരനിയമനത്തിനായി പരിഗണിക്കാവൂ എന്ന് പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിന് മുൻപും ശേഷവും വന്ന ഉത്തരവുകളിലും ഇപ്രകാരം പരാമർശിച്ചിരുന്നതിനാൽ വർഷങ്ങളായി ഹെൽപ്പർ പ്രൊമോഷൻ മാത്രമാണ് പ്രോജക്ടുകളിൽ നടന്നു വന്നിരുന്നത്. ഇപ്രകാരം അങ്കണവാടി വർക്കർ തസ്തികയുടെ 25% ഹെൽപ്പർ സ്ഥാനക്കയറ്റത്തിനായി മാറ്റി വയ്ക്കുന്നതു മൂലം സെലക്ഷൻ ലിസ്റ്റ്, സമാഹൃത സീനിയോറിറ്റി ലിസ്റ്റ്, ഭൂമി വിട്ടു കൊടുത്തവരുടെ ആശ്രിത നിയമനം തുടങ്ങിയ വിഭാഗങ്ങളിലുൾപ്പെടുന്നവർക്ക് അങ്കണവാടി വർക്കർ തസ്തികയിൽ സ്ഥിരനിയമനം ലഭിക്കുന്നതിന് വർഷങ്ങളായി കാത്തിരിക്കേണ്ട അവസ്ഥയുണ്ടായിരിക്കുകയും ഇപ്രകാരം കാത്തിരുന്നാൽ തന്നെ സ്ഥിരനിയമന സാധ്യത വിരളമാണെന്ന ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിലും സാമൂഹ്യനീതി ഡയറക്ടറുടെ 14/11/2016 ലെ ഐസിഡിഎസ് ബി4/4371/16 നമ്പർ പരിപത്രത്തിന് 24/11/2015 വരെ മാത്രമേ പ്രസക്തിയുണ്ടായിരുന്നുള്ളൂ എന്നതിനാലും, വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം വിട്ടു

നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ നിയമനം നൽകുന്നത് അത്യന്തം പ്രാധാന്യമുള്ളതായതിനാലുമാണ് 06/03/2018-ൽ ബഹു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അങ്കണവാടി പ്രവർത്തകരുടെ വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് അങ്കണവാടി നിയമനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിലൂടെ, എഴുത്തും വായനയും മാത്രം വശമാക്കി ഹെൽപ്പർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ച്, പത്ത് വർഷം സ്ഥിരസേവനത്തിനിടയിൽ പത്താംതരം തുല്യത മാത്രം നേടി സ്ഥാനക്കയറ്റത്തിലൂടെ അങ്കണവാടി വർക്കർമാരാകുന്നതിലൂടെ അങ്കണവാടികളുടെ പ്രവർത്തന ഗുണനിലവാരത്തെത്തന്നെ സാരമായി ബാധിച്ചിരുന്നതിൽ മാറ്റം വരുകയും വർഷങ്ങളായി സ്ഥിരനിയമനത്തിനായി കാത്തിരുന്ന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള വർക്കർമാർക്ക് സ്ഥിര നിയമനം നൽകുവാൻ സാധിച്ചിട്ടുമുണ്ട്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ തലത്തിൽ പ്രോജക്റ്റ് തലം) തലത്തിലുണ്ടാകുന്ന ഓരോ നാലാമത്തെ ഒഴിവിലും ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് വരുന്നു. 30/04/2018-ലെ പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടും ഇതിനെതിരെ ഇതേ ആവശ്യവുമായി അതായത് ഹെൽപ്പർ പ്രൊമോഷൻ ഓരോ ഒന്നാമത്തെ ഒഴിവിലും പരിഗണിക്കണമെന്നു ആവശ്യപ്പെട്ട് ശ്രീമതി. രാജലക്ഷ്മി പി. പി മുതൽ പേർ ഫയൽ ചെയ്ത WP(C) No. 20669/2019-നേലും സമാനമായ കേസുകളിലും ബഹു. ഹൈക്കോടതി 07/03/2019 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ എതിർകക്ഷികളായ സർക്കാരിന് 30/04/2018 മുതലുള്ള ഏത് ഒഴിവിൽ ഹെൽപ്പർ പ്രൊമോഷൻ നൽകാമെന്ന് തീരുമാനിക്കാമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഓരോ നാലാമത്തെ ഒഴിവും അങ്കണവാടി ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റത്തിനായി നീക്കി വയ്ക്കാമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അങ്കണവാടി സ്ഥിരനിയമനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും തുല്യ പരിഗണന നൽകികൊണ്ടും വിവിധ സർവീസ് സംഘടനകളുമായുള്ള ചർച്ചകൾക്ക ശേഷവുമാണ് മുൻഗണനാ റൊട്ടേഷൻ ക്രമം തയ്യാറാക്കിയിട്ടുള്ളതെന്നും, 30/04/2018-ലെ സർക്കാർ

5

ഉത്തരവിൽ നിയമപരമായി അപാകതകൾ ഉള്ളതായി ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടില്ലെന്നും, 29/04/2018 വരെയും ഹെൽപ്പർ പ്രമോഷൻ മാത്രമാണ് നടന്നു വന്നിരുന്നതെന്നും, സ്ഥിരനിയമനം ലഭിച്ച് 10 വർഷം പൂർത്തിയാക്കിയതിനിടയിൽ പത്താംതരം തുല്യത നേടിയവരാണ് സ്ഥാനക്കയറ്റത്തിന് ഒന്നാമത്തെ ഒഴിവ് വേണമെന്ന് ശഠിക്കുന്നതെന്നും ഇത് സ്ഥിരനിയമനത്തിനായി കാത്തിരിക്കുന്ന മറ്റ് വിഭാഗങ്ങളോട് കാണിക്കുന്ന അനീതിയാകുന്നതാണെന്നും ഹർജ്ജിക്കാർ സമർപ്പിച്ചിരുന്ന സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഹെൽപ്പർ പ്രമോഷനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിൽ നിയമനാധികാരിയായ സിഡിപിഒമാരുടെ ഭാഗത്തുനിന്നും നിരവധി വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ, ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി മുൻഗണന ലിസ്റ്റ് എല്ലാ പ്രൊജക്റ്റുകളിലെയും ശിശു വികസന പദ്ധതി ഓഫീസർമാർ പഞ്ചായത്ത് മുൻസിപ്പിലിറ്റി/കോർപ്പറേഷൻ തലത്തിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്നും, നിലവിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ തലത്തിൽ പ്രൊജക്റ്റ് തലം) തലത്തിൽ ഓരോ നാലാമത്തെ ഒഴിവിൽ റൊട്ടേഷൻ ക്രമം പാലിച്ച് ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതാവും ഉചിതമെന്നും, 30/04/2018-ലെ സർക്കാർ ഉത്തരവിലെ പത്ത് വിഭാഗങ്ങളിൽ മുൻഗണനാ റൊട്ടേഷൻ വിഭാഗത്തിലെ 8 വിഭാഗങ്ങളിൽ ഒരു വിഭാഗത്തിലും ലിസ്റ്റില്ലാതെയും മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കി പരിഗണിക്കുന്ന ഹെൽപ്പർ പ്രമോഷൻ, ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതനിയമനം എന്നീ വിഭാഗങ്ങളിൽ മുൻഗണനാ ലിസ്റ്റുണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ തലത്തിൽ പ്രൊജക്റ്റ് തലം) തലത്തിലെ അങ്കണവാടി വർക്കർമാരുടെ ഒഴിവുകളിൽ 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രമോഷനും പ്രൊജക്റ്റ് തലത്തിൽ 10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതനിയമനവും അനുവദിക്കാവുന്നതും അല്ലെങ്കിൽ മുൻഗണനാ റൊട്ടേഷനിലെ 8 വിഭാഗങ്ങളിൽ മാത്രമായി ഏതെങ്കിലും ഒരു ലിസ്റ്റുണ്ടായിരിക്കുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത ലിസ്റ്റിൽ നിന്നും തുടർച്ചയായി നിയമനം നൽകുവാനും അല്ലെങ്കിൽ

മുൻഗണനാ റൊട്ടേഷൻ വിഭാഗത്തിലെയും (1 മുതൽ 8 വരെ) പ്രത്യേകമായി പരിഗണിക്കുന്ന 9, 10 വിഭാഗത്തിലെയും ഏതെങ്കിലും ഓരോ ലിസ്റ്റ് മാത്രമായി വരുന്ന അവസരത്തിൽ പ്രസ്തുത രണ്ട് വിഭാഗങ്ങളിൽ നിന്നുമായി (25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രമോഷനും (9) 10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതനിയമനവും (10)) തുടർച്ചയായി നൽകുവാൻ നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള മുൻഗണനാ റൊട്ടേഷൻ വിഭാഗങ്ങളിലെ വിഭാഗങ്ങളിൽ ഒന്നിൽ കൂടുതൽ ലിസ്റ്റോ സെലക്ഷൻ ലിസ്റ്റോ നിലവിൽ വരുന്നതു വരെ മാത്രമേ ഇത്തരത്തിൽ നിയമനം പാടുള്ളുവെന്നും, ഇത്തരത്തിൽ മറ്റ് വിഭാഗം ലിസ്റ്റ് വരുന്ന മുറയ്ക്ക് 30/04/2018-ലെ സർക്കാർ ഉത്തരവിലെ മുൻഗണന റൊട്ടേഷൻ പൂർണമായും പാലിച്ച് നിയമനം നടത്തേണ്ടതുമാണെന്നും ഇപ്രകാരം 30/04/2018-ലെ സർക്കാർ ഉത്തരവിലെ മുൻഗണനാ റൊട്ടേഷൻ നിലനിർത്താവുന്നതുമാണെന്നും വനിതാ ശിശു വികസന ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

4) ഹർജിക്കാരുടെ ആവശ്യം ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. അങ്കണവാടി സ്ഥിര നിയമനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും തുല്യ പരിഗണന നൽകിക്കൊണ്ട് വിവിധ സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾക്ക് ശേഷമാണ് 30/04/2018-ലെ സർക്കാർ ഉത്തരവ് പ്രകാരം മുൻഗണന റൊട്ടേഷൻ ക്രമം തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിൽ നിയമപരമായി അപാകതകൾ ഉള്ളതായി ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടില്ല. കൂടാതെ, 29/04/2018 വരെ ഹെൽപ്പർ പ്രൊമോഷൻ ആണ് കൂടുതലായും നടന്നു വന്നിരുന്നത്. സ്ഥാനക്കയറ്റത്തിനു ഒന്നാമത്തെ ഒഴിവ് വേണമെന്ന, സ്ഥിരനിയമനം ലഭിച്ച് 10 വർഷം പൂർത്തിയാക്കിയതിനിടയിൽ പത്താംതരം തുല്യത നേടിയവരുടെ ആവശ്യം പരിഗണിച്ചാൽ അത് സ്ഥിരനിയമനത്തിനായി കാത്തിരിക്കുന്ന മറ്റ് വിഭാഗങ്ങളോട് കാണിക്കുന്ന അനീതിയായിരിക്കും. മേൽ സാഹചര്യത്തിൽ അങ്കണവാടി ഹെൽപ്പർമാർക്ക് ഓരോ ഒന്നാമത്തെ ഒഴിവിലും സ്ഥാനക്കയറ്റം അനുവദിക്കണമെന്ന ഹർജ്ജിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരമുള്ള നിർദ്ദേശങ്ങളോടെ പരാമർശം (4) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(1) ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി മുൻഗണന ലിസ്റ്റ് എല്ലാ പ്രോജക്ടുകളിലെയും ശിശു വികസന പദ്ധതി ഓഫീസർമാർ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2) അങ്കണവാടി വർക്കർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യത നേടുന്ന ഹെൽപ്പർമാരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന വേളയിൽ സീനിയോറിറ്റി നിശ്ചയിക്കുമ്പോൾ ഹെൽപ്പർ തസ്തികയിലുള്ള സേവനകാലയളവ് കൂടുതലുള്ള വ്യക്തിയെ ആദ്യം പരിഗണിക്കേണ്ടതും ഒരേ സേവനകാലയളവ് ഉള്ള പക്ഷം പ്രായക്കൂടുതലുള്ള വ്യക്തിയെ പരിഗണിക്കേണ്ടതും സേവനദൈർഘ്യവും പ്രായവും തുല്യമാകുന്ന പക്ഷം ആദ്യം പത്താംതരം തുല്യത പാസായ വ്യക്തിയെയും പരിഗണിക്കേണ്ടതാണ്.

(3) സ.ഉ(സാധാ)നം. 254/2018/സാനീവ തീയതി. 30/04/2018 ലെ മുൻഗണനാ റൊട്ടേഷൻ നിലനിർത്തിക്കൊണ്ടും പ്രസ്തുത ഉത്തരവ് അനുസരിച്ച് നിലവിലെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയയിൽ പ്രൊജക്റ്റ് തലം) ഓരോ നാലാമത്തെ ഒഴിവിൽ റൊട്ടേഷൻ ക്രമം പാലിച്ച് ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കേണ്ടതും, 1 മുതൽ 8 വരെയുള്ള മുൻഗണന റൊട്ടേഷൻ വിഭാഗങ്ങളിൽ ഒന്നിൽ കൂടുതൽ ലിസ്റ്റോ/സെലക്ഷൻ ലിസ്റ്റോ നിലവിൽ വരുന്നതു വരെ മാത്രമേ ചുവടെചേർത്തിരിക്കും പ്രകാരം ഉള്ള നിയമനം പാടുള്ളൂ എന്ന വ്യവസ്ഥയിൽ ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ മറ്റ് വിഭാഗം ലിസ്റ്റ് വരുന്ന മുറയ്ക്ക് പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ മുൻഗണനാ റൊട്ടേഷൻ പൂർണ്ണമായും പാലിച്ച് നിയമനം നടത്തേണ്ടതാണ്.

(i) സ.ഉ(സാധാ)നം. 254/2018/സാനീവ, തീയതി. 30/04/2018-ലെ പത്ത് വിഭാഗങ്ങളിൽ മുൻഗണനാ റൊട്ടേഷൻ വിഭാഗത്തിലെ 8 വിഭാഗങ്ങളിൽ ഒരു വിഭാഗത്തിലും ലിസ്റ്റില്ലാതെയും മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കി

പരിഗണിക്കുന്ന ഹെൽപ്പർ പ്രൊമോഷൻ, ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനം എന്നീ വിഭാഗങ്ങളിൽ മുൻഗണനാ ലിസ്റ്റുണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയയിൽ പ്രൊജക്റ്റ് തലം) തലത്തിലെ അങ്കണവാടി വർക്കർമാരുടെ ഒഴിവുകളിൽ 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രൊമോഷനും പ്രൊജക്റ്റ് തലത്തിൽ 10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനവും അനുവദിക്കാവുന്നതുമാണ്.

(ii) മുൻഗണന റൊട്ടേഷനിലെ 8 വിഭാഗങ്ങളിൽ മാത്രമായി ഏതെങ്കിലും ഒരു ലിസ്റ്റുണ്ടായിരിക്കുന്ന പക്ഷം പ്രസ്തുത ലിസ്റ്റിൽ നിന്നും തുടർച്ചയായി നിയമനം നൽകാവുന്നതാണ്.

(iii) മുൻഗണന റൊട്ടേഷൻ വിഭാഗത്തിലേയും (1-8), പ്രത്യേകമായി പരിഗണിക്കുന്ന രണ്ട് (9, 10) വിഭാഗങ്ങളിലെയും ഏതെങ്കിലും ഓരോ ലിസ്റ്റ് മാത്രമായി വരുന്ന അവസരത്തിൽ പ്രസ്തുത രണ്ടു വിഭാഗങ്ങളിൽ നിന്നുമായി 25% അധികരിക്കാത്ത തരത്തിൽ ഹെൽപ്പർ പ്രൊമോഷനും (9), 10% അധികരിക്കാത്ത തരത്തിൽ ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമനവും (10) തുടർച്ചയായി നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദുലേഖ ഐ. വി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം)
വനിതശിശുവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
Smt. Santhamma K. C, Kasthurikunnil, Kottoor P.O, Thiruvalla, Pathanamthitta - 689582.
Smt. Lissy N. M, Muttathu House, Kattappana P.O, Idukki Kavala, Idukki - 685508.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ